# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ: 5327 31-10-2016 -ൽ മറുപടിക്ക്

### ജലപാതകൾ

**ചോദ്യം**

ശ്രീ. മുല്ലക്കര രത്നാകരൻ

(എ) സംസ്ഥാനത്ത് നിലവിലുള്ള പ്രധാന ജലപാതകളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

(ബി) സംസ്ഥാനത്ത് ജലഗതാഗത മാർഗ്ഗങ്ങൾ വിപുലപ്പെടുത്തുന്നതിനും നിലവിലുള്ളവ ശക്തിപ്പെടുത്തുന്നതിനും എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

**മറുപടി**

ശ്രീ. പിണറായി വിജയൻ
(മുഖ്യമന്ത്രി)

(എ) കോവളം മുതൽ കാസർഗോഡ് നീലേശ്വരം വരെയുള്ള 590.18 കി.മി നീളം വരുന്ന വെസ്റ്റ് കോസ്റ്റ് കനാലാണ് സംസ്ഥാനത്തെ നിലവിലുള്ള പ്രധാന ജലപാത. ഇതിൽ കൊല്ലം മുതൽ തൃശൂർ കോട്ടപ്പുറം വരെയുള്ള 168 കി.മീ-ഉം ഉദ്യോഗമണ്ഡൽ കനാൽ ( 23 കി.മീ.), ചമ്പക്കര കനാൽ (14 കി.മീ.) എന്നിവയും ദേശീയജലപാത -3 ൽ ഉൾപ്പെടുന്നു. കോട്ടപ്പുറം മുതൽ കോഴിക്കോട് വരെ 160 കി. മീ ദൂരം പാതയും കൂടി ദേശീയ ജലപാതയിൽ ഉൾപ്പെടുത്തി, 26-03-2016 തീയതിയിൽ പ്രാബല്യത്തിൽ വന്ന National Waterways Act 2016 പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. കൂടാതെ ആലപ്പുഴ-ചങ്ങനാശ്ശേരി കനാൽ, ആലപ്പുഴ-കോട്ടയം അതിരമ്പുഴ കനാൽ, കോട്ടയം - വൈക്കം എന്നീ ഫീഡർ കനാലുകളും National Waterways Act 2016 പ്രകാരം ദേശീയജലപാതാ നിലവാരത്തിലേക്ക് ഉയർത്താൻ തീരുമാനിച്ചിട്ടുണ്ട്. കോവളം മുതൽ കൊല്ലം വരെയുള്ള 74.18 കി മീറ്ററും കോഴിക്കോട് മുതൽ നീലേശ്വരം വരെയുള്ള 188 കി. മീറ്ററും നിലവിൽ സംസ്ഥാന ജലപാതയാണ്.

(ബി) 12-ാം ധനകാര്യകമ്മിഷൻ, 13-ാം ധനകാര്യകമ്മിഷൻ, നബാർഡ്, സ്റ്റേറ്റ് ഫണ്ട് എന്നിവയുടെ സഹായത്തോടെ വിവിധ സ്ഥലങ്ങളിലായി ജലപാതകളുടെ വീതിയും ആഴവും വർദ്ധിപ്പിച്ചും, സംരക്ഷണ ഭിത്തികൾ നിർമ്മിച്ചും, ഉപ്പുവെള്ളം തടയുന്നതിന് ലോക്കുകൾ സ്ഥാപിച്ചും, ജെട്ടികൾ, കാർഗോ ടെർമിനലുകൾ എന്നിവ സ്ഥാപിച്ചും ഉയരം

കുറവുള്ള പാലങ്ങളും മറ്റും പുനർനിർമ്മിച്ചും ജലപാതകൾ നവീകരിച്ച് വരുന്നു. 2016-17 സാമ്പത്തിക വർഷത്തിൽ സംസ്ഥാന സർക്കാർ വിവിധ പദ്ധതികൾക്കായി 125.32 കോടിരൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളതും ആയതിലേക്കുള്ള പദ്ധതികൾ അടിയന്തിരമായി തയ്യാറാക്കിവരികയുമാണ്.

സെക്ഷൻ ഓഫീസർ